<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2582**</u> <u>**12-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വൈദ്യുതി അപകടംമൂലമുള്ള നാശനഷ്ടങ്ങൾക്ക് പരിഹാരം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി ലൈനുകൾക്ക് കവചിത കമ്പികൾ ഉപയോഗിക്കുന്നത് പരിഗണനയിലുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വൈദ്യുതി ലൈനുകൾക്ക് കവചിത കമ്പികൾ ഉപയോഗിക്കുന്നുണ്ട്. കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട കേരള സർക്കാർ പ്രഖ്യാപിച്ച “ഊർജ്ജ കേരള മിഷൻ” ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാക്കുന്നതിനു “ദ്യുതി 2021” എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും ടി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയുമാണ്. ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും ‘കവചിത ചാലകമായ’ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന LT ഇലക്ട്രിക് ലൈനുകൾ സുരക്ഷയുടെ പ്രാധാന്യം കൂടി കണക്കിലെടുത്ത് ‘ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ’ (എബിസി) ഉപയോഗിച്ച് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വൈദ്യുതി മേഖലയിലെ അപകടങ്ങളിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് എന്തൊക്കെ പരിഹാരങ്ങളാണ് വകുപ്പ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾക്കുള്ള ആശ്വാസ ധനസഹായം (i) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിതരണ സംവിധാനത്തിന്റെ തകരാറുകൾ കാരണം പൊതുജനങ്ങൾക്ക് ജീവഹാനി സംഭവിക്കുന്ന അപകട ങ്ങൾക്ക്, അനന്തരാവകാശികൾക്ക് 10,00,000/- (പത്ത് ലക്ഷം രൂപയും), മാരകമല്ലാത്ത അപകടങ്ങൾക്ക് സ്ഥിരവും സ്ഥായിയുമായ അംഗ വൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയായി പരമാവധി 10,00,000/- (പത്ത് ലക്ഷം രൂപയും) അർഹത പരിശോധിക്കുന്നതിനാവ ശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചു വരുന്നു. (ii) പൊതുജനങ്ങളുടെ അറിവില്ലായ്മ, അശ്രദ്ധ, സൂക്ഷ്മതക്കുറവ്, സുരക്ഷാ മുൻകരുതലുകൾ |

| | | | |
|---|---|---|---|
| | | | പാലിക്കുന്നതിലെ വീഴ്ച തുടങ്ങിയ പ്രവൃത്തി മൂലം കെ.എസ്. ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നും യാദൃശ്ചികമായി വൈദ്യുതി ലൈനുമായുണ്ടാകുന്ന സമ്പർക്കം മൂലം സംഭവിക്കുന്ന ജീവഹാനിക്ക് കാരണ മാകുന്ന അപകടങ്ങൾക്ക് 2,00,000/- (രണ്ട് ലക്ഷം രൂപ)യും മാരകമല്ലാത്ത അപകടങ്ങൾക്ക് സ്ഥിരവും സ്ഥായി യുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി പരമാവധി 2,00,000/- രൂപയും ആശ്വാസ ധനസഹായമായി വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് വരുന്നു. (iii) കൂടാതെ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന കന്നുകാലികൾക്ക്, പശുവിന് 25,000/- രൂപയും ആടിന് 20,000/- രൂപയും അതിന്റെ ഉടമസ്ഥർക്ക് അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ